പ്രോജക്ട് റിപ്പോർട്ടിൽ അപാകത ഉണ്ടായിരുന്നതിനാൽ പ്രോജക്ട് റിപ്പോർട്ട് പരിഷ്കരിച്ച് ലഭ്യമാക്കുന്നതിന് 1-10-2009-ൽ എൻ.ആർ.എൽ.സി.-യോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ എൻ.ആർ.എൽ.സി.-യുടെ ഭാഗത്ത് നിന്നും പ്രതികരണം ഉണ്ടാകാത്ത സാഹചര്യത്തിൽ സൈറ്റ് മ്യൂസിയം തുടങ്ങുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് 'കിറ്റ്കോ'-യ്ക്ക് കത്തയച്ചിട്ടുണ്ട്.

(ബി) തയ്യാറാക്കിയിട്ടില്ല.

(സി) 'കിറ്റ്കോ'-യിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ള പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കി അതിന്റെ പ്രായോഗികത വിലയിരുത്തി തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

ഇട്ടി അച്ചുതൻ വൈദ്യർ ഉപയോഗിച്ചിരുന്ന കുര്യാലയും കാവും സംരക്ഷിക്കൽ

119(808) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ കടക്കരപ്പള്ളി പഞ്ചായത്തതിർത്തിയിൽ നിലനിൽക്കുന്നതും ഇട്ടി അച്ചുതൻ വൈദ്യർ ഉപയോഗിച്ചിരുന്നതുമായ കുര്യാലയും കാവും സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇവിടെ എന്തെല്ലാം കാര്യങ്ങൾ ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത് ;

(സി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ അവസ്ഥ വിശദമാക്കുമോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട് ആലപ്പുഴ കളക്ടറോട് റിപ്പോർട്ടാവശ്യപ്പെട്ടത് എന്നാണെന്നും, റിപ്പോർട്ട് ലഭിച്ചതെന്നാണെന്നും വെളിപ്പെടുത്തുമോ :

(ഇ) ഈ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) അരൂർ മണ്ഡലത്തിലെ ഇട്ടി അച്ചുതൻ വൈദ്യരുടെ കുര്യാലയും ഔഷധ സസ്യക്കാവും സംരക്ഷിത സ്മാരകമാക്കുന്നതിനായി പ്രസ്തുത സ്ഥലത്തെ സംബന്ധിച്ച് ആലപ്പുഴ ജില്ലാ കളക്ടർ അയച്ചുതന്ന റവന്യൂ വിശദവിവരത്തിൽ പൊരുത്തക്കേടുകൾ കണ്ടതിനാൽ ശരിയായ വിവരം രേഖപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. കളക്ടറുടെ മറുപടി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത സ്ഥലം സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചതിനുശേഷം സ്മാരകത്തിന് അനുയോജ്യമായ തരത്തിലുള്ള സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആലപ്പുഴ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലം സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചതിന് ശേഷം സ്ഥലം ഏറ്റെടുക്കാവുന്നതാണ്.

(ഡി&ഇ) റവന്യൂ വിശദവിവരം ആവശ്യപ്പെട്ട് ആദ്യമായി കളക്ടർക്ക് കത്തയച്ചത് 7-7-2007-ൽ ആണ്. റിപ്പോർട്ട് ലഭിച്ചത് 27-3-2008-ലാണ്. എന്നാൽ അപാകത ഉണ്ടായിരുന്നതിനാൽ അത് പരിഹരിച്ച് ലഭിക്കുന്നതിന് 27-3-2010-ൽ കത്തയച്ചിരുന്നു. എന്നാൽ റിപ്പോർട്ട് ഇതുവരെയും ലഭ്യമായിട്ടില്ല.

ബൗദ്ധിക രേഖകൾ സൂക്ഷിക്കാനുള്ള സംവിധാനങ്ങൾ

120(809) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രശസ്ത വ്യക്തികളിൽ നിന്നും കൈമാറി കിട്ടുന്ന ബൗദ്ധിക രേഖകൾ സൂക്ഷിക്കുന്നതിന് സംസ്ഥാന പുരാരേഖാ വകുപ്പിന് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഇപ്പോൾ സംസ്ഥാനത്തെ ഏതൊക്കെ പ്രശസ്തരായ വ്യക്തികളുടെ ബൗദ്ധിക രേഖകളും, സ്വത്തുക്കളുമാണ് പ്രത്യേകമായി ഈ വകുപ്പ് സൂക്ഷിക്കുന്നത് ;

(സി) ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ എന്തൊക്കെ ബൗദ്ധിക സ്വത്തുക്കളാണ് പുരാരേഖാ വകുപ്പിന് കൈമാറിയിട്ടുള്ളത് ;

(ഡി) ഇവ സൂക്ഷിക്കുന്നതിന് പ്രത്യേക കോർണറിന് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;

(ഇ) പുരാരേഖാ വകുപ്പിന്റെ കീഴിൽ ഓറൽ ഹിസ്റ്ററി ആർക്കൈവ്സ് പ്രോജക്ടിന് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ ഈ പ്രോജക്ടിലൂടെ എന്തൊക്കെ രേഖകൾ സംരക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രശസ്ത വ്യക്തികളിൽ നിന്നും വകുപ്പ് ഏറ്റെടുക്കുന്ന ബൗദ്ധിക രേഖകളുടെ വിഷയ സൂചിക തയ്യാറാക്കിയ ശേഷം ഫ്യൂമിഗേഷൻ, ഡി-അസിഡിഫിക്കേഷൻ, ലാമിനേഷൻ, മെൻഡിംഗ്, ടിഷ്യൂ റിപ്പയർ, ബയൻഡിംഗ് തുടങ്ങിയ ശാസ്ത്രീയ സംരക്ഷണങ്ങൾക്ക് വിധേയമാക്കുന്നു. ഈ റിക്കാർഡുകൾ റപ്പോസിറ്ററികളിലെ റാക്കുകളിൽ കാലാനുക്രമമായി സജ്ജമാക്കി സൂക്ഷിക്കുന്നു.

(ബി) നിലവിൽ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ, ഐ.എൻ.എ.-യുടെ ലഫ്റ്റനന്റ് കേണൽ ശിവാനന്ദൻ, ശ്രീ. ഐ. എൻ. മേനോൻ, ശ്രീമതി ഇന്ദിരാ രാമകൃഷ്ണപിള്ള, ശ്രീ. സ്കറിയ സക്കറിയ എന്നീ വിശിഷ്ട വ്യക്തികളുടെ പക്കലുള്ള ബൗദ്ധിക രേഖകളും അറയ്ക്കൽ കൊട്ടാരത്തിലെ രേഖകളും പറവൂർ ശിവന്റെ പക്കലുള്ള കേസരി പത്രങ്ങളും ഈ വകുപ്പിൽ ഏറ്റെടുത്ത് സൂക്ഷിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly